26 (*25) കണ്ണൂർ ജില്ലയിലെ ആക്രമണങ്ങൾ

ശ്രീ.എൻ.ആർ.ബാലൻ :
ശ്രീമതി കെ. കെ.ശൈലജ ടീച്ചർ :
ശ്രീ.ലോനപ്പൻ നമ്പാടൻ :
ശ്രീ.വെങ്ങാനൂർ പി.ഭാസ്കരൻ :
ശ്രീ.പി.വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ ഈയിടെയുണ്ടായ ആർ.എസ്.എസ്., ബി.ജെ.പി, ആക്രമണത്തെ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) 2000 ഡിസംബർ ഒന്നാം തീയതി സി.പി.ഐ(എം) കണ്ണൂർ ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ളവരെ ബോംബെറിഞ്ഞ സംഭവത്തെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ : എങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് എത്ര പേരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) കണ്ണൂർ ജില്ലയിൽ ആർ.എസ്.എസ്/ബി.ജെ.പി ബോംബാക്രമണത്തിന്റെ ഫലമായി എത്ര സി.പി.ഐ (എം) പ്രവർത്തകർ മരണ മടഞ്ഞു;

(എഫ്) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ജി) കണ്ണൂർ ജില്ലയിൽ ശാശ്വത സമാധാനം ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(എച്ച്) ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ നടന്ന സർവ്വകക്ഷി ഒത്തു തീർപ്പ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് മുൻ എം.എൽ.എ. ശ്രീ. ഇ.പി.ജയരാജന് നേരെ ബോംബാക്രമണം നടന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ,ബി) സംസ്ഥാനത്ത് പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ ഉണ്ടായ ആർ.എസ്.എസ്./ബി.ജെ.പി. ആക്രമണങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പ്രത്യേക അന്വേഷണത്തിന് ഉത്തരവായിട്ടില്ല. എന്നാൽ പോലീസ് കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(സി) ഈ സംഭവം സംബന്ധിച്ച് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 227/2000, യു/എസ് 143,147,148,353,307,ആർ/ഡബ്ല്യു 149 ഐ.പി.സി ആന്റ് സെക്ഷൻ 3 ആന്റ് 5 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് പ്രകാരം കണ്ടാലറിയാവുന്ന നൂറോളം ആർ.എസ്.എസ്/ബി.ജെ.പി പ്രവർത്തകരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കേസന്വേഷണം നടന്നുവരുന്നു.

(ഇ) ബോംബ് ആക്രമണത്തിന്റെ ഫലമായി ആരും മരിച്ചിട്ടില്ല എന്നാൽ വെട്ടും കുത്തുമേറ്റ് മൂന്ന് സി.പി.ഐ (എം) പ്രവർത്തകർ മരിച്ചിട്ടുണ്ട്.

(എഫ്) ഉത്തരം 'ഇ' യിൽ പറഞ്ഞ സംഭവവുമായി ബന്ധപ്പെട്ട് മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 1999 ഡിസംബറിൽ കണ്ണൂർ ജില്ലയിൽ അക്രമസംഭവങ്ങളുണ്ടായപ്പോൾ അവ പരിശോധിക്കുന്നതിനും ശാശ്വത പരിഹാരം കാണുന്നതിനും ഗവൺമെന്റ് മുൻകൈ എടുത്ത് എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളെയും മറ്റ് പൊതുപ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-12-99ന് സമാധാനയോഗം ചേരുകയും, കണ്ണൂരിൽ സമാധാനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും സഹകരിക്കാം എന്ന് ഉറപ്പ് നൽകുകയും ചെയ്തു. ജില്ലാ സമാധാന കമ്മിറ്റി കൂടുതൽ കാര്യക്ഷമമാക്കാൻ കളക്ടർ യോഗം വിളിക്കുകയും, യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11-12-99-ൽ തലശ്ശേരി ആർ.ഡി.ഒ ഓഫീസിൽ നിന്നും സംഘർഷമേഖലയിലേക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ശാന്തിയാത്ര നടത്തുകയും ചെയ്തു. ജില്ലാതല സമാധാന സമിതി എല്ലാ മാസവും ചേർന്ന് യോഗതീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 11-12-2000 -ന് ചേർന്ന യോഗത്തിൽ മുഖ്യമന്ത്രിയുടെ ചാർജ്ജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പു മന്ത്രി പങ്കെടുക്കുകയുണ്ടായി.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

27 (*26) പദ്ധതിച്ചെലവ്

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തികവർഷം എത്ര രൂപയുടെ പദ്ധതിയ്ക്കാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്;

(ബി) ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും അത് ഈ വർഷത്തിന്റെ ടാർജറ്റിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(സി) ഈ വർഷം പദ്ധതി ചെലവ് വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും അത് എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതിച്ചെലവിന് ലക്ഷ്യമിട്ടിരിക്കുന്ന തുക എത്ര വീതം എന്നും ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതം എന്നും വ്യക്തമാക്കാമോ?

(ഇ) കേരളത്തിലെ ആളോഹരി പദ്ധതിച്ചെലവ് കഴിഞ്ഞ 4 വർഷങ്ങളിലേക്ക് എത്ര വീതം എന്നും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ആളോഹരി പദ്ധതിച്ചെലവ് എത്രയെന്നും വ്യക്തമാക്കാമോ;

(എഫ്) ആളോഹരി പദ്ധതിച്ചെലവ് കുറയുകയും ശരാശരി കടബാദ്ധ്യത വർദ്ധിച്ചുവരികയും ചെയ്യുന്നത് തടയുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) 2000-2001 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാനത്തിന് 3317 കോടി രൂപയുടെ കോർ പദ്ധതിയാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ വിഭവസമാഹരണം ഉറപ്പുവരുന്ന സാഹചര്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly